പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3368. 22-08-2017-ലെ മറുപടിയ്ക്ക്

**ഒന്നാം വാർഷികാഘോഷങ്ങളുടെ പ്രചാരണം**

| ചോദ്യം<br>ശ്രീ. എ.പി. അനിൽ കുമാർ | | ഉത്തരം<br>(മുഖ്യമന്ത്രി.) |
|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വാട്സ് ആപ്പ്, ഫെയ്സ് ബുക്ക് തുടങ്ങിയവ വഴി പ്രചാരണം നൽകിയ ഇനത്തിൽ എന്ത് തുക ചിലവായി; | (എ) ഇതുവരെ 21,24,000/- രൂപ (ഇരുപത്തി ഒന്ന് ലക്ഷത്തി ഇരുപത്തി നാലായിരം രൂപ മാത്രം) ചിലവഴിച്ചിട്ടുണ്ട്. |
| (ബി) | ഏത് ഏജൻസി വഴിയാണ് പ്രസ്തുത ഓൺലൈൻ പ്രചരണം നടത്തിയത്; എപ്രകാരമാണ് പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്തത്; അഡ്വാൻസ് തുക എന്തെങ്കിലും നൽകിയിരുന്നോ ; | (ബി) വകുപ്പിന്റെ എംപാനൽഡ് ഏജൻസികളായ മൈത്രി അഡ്വർടൈസിംഗ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ്, ഗ്ലോബൽ ഇന്നൊവേറ്റീവ് ടെക്നോളജീസ് എന്നീ ഏജൻസികൾ വഴിയാണ് ഓൺലൈൻ പ്രചാരണം നടത്തിയത്. വകുപ്പ് രൂപീകരിച്ച ജഡ്ജിംഗ് കമ്മിറ്റി സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിലാണ് അനുയോജ്യമായ ഏജൻസികളെ തെരഞ്ഞെടുത്തിട്ടുള്ളത്. പ്രചാരണം കഴിഞ്ഞതിനു ശേഷം ഏജൻസികൾ സമർപ്പിച്ച ബിൽ തുകയുടെ 50% തുകയായ 21,24,000/- രൂപ നൽകിയിട്ടുണ്ട്. കോസ്റ്റ് കമ്മിറ്റി കൂടിയതിനു ശേഷമേ ബാക്കി തുക നൽകുകയുള്ളൂ. |
| (സി) | പ്രസ്തുത ഏജൻസിക്ക് തുക പൂർണ്ണമായും അനുവദിച്ചത് എന്നാണ് എന്നറിയിക്കാമോ? | (സി) ഇതുവരെയും തുക പൂർണ്ണമായും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ